LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

35 (1396) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ നിയമനങ്ങൾ നടന്നിട്ടില്ലാത്ത റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ബി) കോവിഡ് സാഹചര്യത്തിൽ പുതിയ പരീക്ഷകൾ നടക്കാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

ഉദ്യോഗാർത്ഥികൾ നടത്തിയ സമരം

36(1397) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

2021 ഓഗസ്റ്റ് നാലിന് അവസാനിക്കുന്ന എൽ.ജി.എസ്. തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും നികത്തുന്നതിനായി അന്നേദിവസം വരെ ഉണ്ടാകുന്ന ഒഴിവുകൾ സ്പാർക്ക് സംവിധാനം മുഖേന കണ്ടെത്തി പ്രതീക്ഷിത ഒഴിവുകളായി (Anticipated Vacancies) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ലഭിക്കേണ്ട അർഹമായ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് അതുമൂലം പ്രവേശനതസ്തികയിൽ (entry cadre) ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. കോടതി വ്യവഹാരങ്ങൾമൂലമോ ഭരണപരമായ തടസ്സങ്ങൾമൂലമോ ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് തടസമുണ്ടെങ്കിൽ അവ കണ്ടെത്തി താത്കാലിക പ്രൊമോഷൻ (Provisional Promotion) നൽകിക്കൊണ്ടും എൻ‌ടി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും. സർക്കാർ വകുപ്പുകളിൽ നൈറ്റ് വാച്ച്മാന്മാരുടെ ജോലിസമയം 8 മണിക്കൂറാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഉറപ്പുകളിൽ ഏതെല്ലാം പാലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഉറപ്പുകൾ പ്രവർത്തികമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻ‌ടി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി അവ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി (de-cadre/downgrade), പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 8-6-2021-ലെ സ.ഉ.(കൈ)നമ്പർ13/2021/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നൈറ്റ് വാച്ച്മാന്മാരുടെ ജോലിസമയം 16 മണിക്കൂറിൽ നിന്ന് 8 മണിക്കൂറായി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

37 (1398) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 653/2017 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നൽകി എന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ?

26-7-2021 വരെ ഈ റാങ്ക് ലിസ്റ്റിൽനിന്നും നൽകിയ നിയമന ശിപാർശകളുടെ എണ്ണം: 702.

ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി 4-8-2021 വരെയാണ്.

26-7-2021 വരെ ആകെ ഒഴിവുകൾ : 772.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ: 34.

പ്രത്യേക മേഖലകളിൽനിന്നുള്ള പട്ടികവർഗ്ഗത്തിൽ നിന്നുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 35.

ഈ റാങ്ക് ലിസ്റ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തപെട്ട ഒഴിവുകൾ : 703 ഇവയിൽ ഉൾപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ : 106

നിയമന ഉത്തരവ് നൽകിയവർ : 527

ഉദ്യോഗാർത്ഥികളുടെ കാരണങ്ങളാൽ നിയമനം വൈകുന്നവർ : 41
ഉത്തരവ് നൽകാനുള്ള നടപടിയിലുള്ളത് : 29

(സി) നിലവിൽ നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ?

10 NJD ഒഴിവുകൾ നിലവിലുണ്ട്.

(ഡി) പ്രസ്തുത വിഭാഗത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നുണ്ടോയെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.